## പ്രത്യേക പരാമർശം

## വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ അക്രമം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പാഠപുസ്തക വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് സമരം ചെയ്ത വിദ്യാർത്ഥികളെ ഇന്നലെയും പോലീസ് വ്യാപകമായി തല്ലിച്ചതച്ചു. പാഠപുസ്തകങ്ങൾ ജൂലൈ 20-നകം നൽകുമെന്ന് മന്ത്രി ഇന്നലെ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. ഇക്കാര്യം ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനകളെ ഔപചാരികമായി അറിയിക്കാൻ സർക്കാർ തയ്യാറായില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇന്നലത്തെ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. അതല്ലേ ഒരു ജനാധിപത്യ സർക്കാർ ചെയ്യേണ്ടിയിരുന്നത്. അതിനുപകരം സമരം ചെയ്ത വിദ്യാർത്ഥികളെ ശത്രുക്കളോടെന്നപോലെ പെരുമാറുന്നത് ശരിയാണോ? അതോ നിങ്ങളുടെ വിദ്യാർത്ഥി സംഘടനകളെ മാത്രം വിളിച്ച് രഹസ്യമായി കാര്യം അറിയിക്കുന്നതാണോ ശരിയായ നടപടി. ഇപ്പോൾ മറ്റൊരു ഗുരുതരമായ കാര്യം, ഇന്നലെ കോട്ടയത്ത് സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ഇന്ന് രാവിലെ മുതൽ അവരുടെ വീട്ടുകളിൽ കയറി പോലീസ് അറസ്റ്റ് ചെയ്യുകയാണ്. അടിയന്തരാവസ്ഥക്കാലത്തെന്നപോലെയാണ് പോലീസ് ഭീകരത സൃഷ്ടിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബന്ധപ്പെട്ട സംഘടനകൾ ഒരുപാടുണ്ടല്ലോ. അവരെക്കൂടി ഔപചാരികമായി അറിയിച്ചാൽ നന്നായിരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ നിർദ്ദേശം അംഗീകരിക്കുന്നതിന് ഗവൺമെന്റിന് സന്തോഷം മാത്രമേയുള്ളൂ. ചർച്ച ചെയ്യുന്നതിനും ചർച്ച ചെയ്ത് പ്രശ്നങ്ങൾ തീർക്കുന്നതിനും ഗവൺമെന്റ് എന്നും തയ്യാറായിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൂടി വിദ്യാർത്ഥി സംഘടന നേതാക്കളെ വിളിച്ച് ഇക്കാര്യങ്ങൾ അവരെകൂടി ബോധ്യപ്പെടുത്തതക്ക വിധത്തിലുള്ള ഒരു ചർച്ച നടത്തും. പക്ഷേ അങ്ങ് പറഞ്ഞ, കോട്ടയം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന അക്രമങ്ങളുടെ ഫോട്ടോകൾ വന്നിട്ടുണ്ട്. പോലീസിനെ ഓടിച്ചിട്ട് എറിയുകയും അടിക്കുകയും ചെയ്തു. അവരെ അറസ്റ്റ് ചെയ്യരുത് എന്ന് അങ്ങ് പറഞ്ഞാൽ അത് നിയമം നടത്തുന്നതിനെതിരായിരിക്കും. ഇന്നലെ ഒരു പ്രകോപനവുമില്ലാതെ ആശുപത്രിയിൽ കയറി ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ തല്ലി. സമരത്തെ ഞങ്ങൾ ഒരിക്കലും എതിർക്കുന്നില്ല, ജനാധിപത്യപരമായ അവകാശമാണ്. പക്ഷേ അക്രമ സമരങ്ങളെ; പോലീസിനെ അക്രമിച്ചുകൊണ്ടുള്ള സമരങ്ങളെ ഒരിക്കലും അംഗീകരിക്കാനാകില്ല. ആ പ്രതികളുടെ പേരിൽ കേസെടുത്തിട്ടുണ്ട്, അവരെ അറസ്റ്റ്

ചെയ്യും, നിയമപരമായ നടപടികൾ സ്വീകരിക്കും........(ബഹളം).......

മി. സ്പീക്കർ:- ആ പ്രശ്നം തീർന്നു.........(ബഹളം)....... മുഖ്യമന്ത്രി എന്ത് പറയണമെന്ന് ചെയറിന് പറയാൻ സാധിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ചോദിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇനി അത് ചർച്ചയിലേയ്ക്ക് പോകുന്നത് ശരിയല്ല. ഇല്ലാത്ത കീഴ്‌വഴക്കം സൃഷ്ടിക്കരുത്. നിങ്ങൾക്കൊക്കെ സംസാരിക്കാൻ അവസരമുണ്ടല്ലോ, നിങ്ങൾക്ക് പറയാമല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങേയ്ക്ക് എല്ലാ ബഹുമാനവും സഭയും ചെയറും നൽകുന്നുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇതുപോലൊരു കാര്യത്തിൽ പ്രകോപനപരമായി പോലീസിനെ തല്ലി, പോലീസിനെ തല്ലി എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾത്തന്നെ തല്ലുകൊണ്ട വിദ്യാർത്ഥികളെ ഞാനും ആശുപത്രിയിൽ പോയികണ്ടതാണ്. അവരുടെ ശരീരമാകെ നോക്കിയാൽ പുത്രന്മാരുള്ള മാതാപിതാക്കന്മാർക്ക് ചിന്തിക്കാൻപോലും കഴിയാത്ത വിധത്തിൽ പോലീസും ചെയ്തിട്ടുണ്ട്. പോലീസിനെ അങ്ങനെ ചെയ്തു, ഇങ്ങനെ ചെയ്തു എന്നു വിരട്ടേണ്ട വല്ല കാര്യമുണ്ടോ? ........(ബഹളം)......

മി. സ്പീക്കർ:- പ്രതിപക്ഷ നേതാവിനെയല്ലാതെ ആരെയും സംസാരിക്കാൻ

അനുവദിക്കാൻ പറ്റില്ല. പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ രണ്ടുപ്രാവശ്യം അനുവദിച്ചു. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ്, ഇത് പാർലമെന്റല്ല, അസംബ്ലിയാണ്. അങ്ങ് ശ്രദ്ധിക്കണം.........(ബഹളം)...... പാർലമെന്റ് എന്നുപറഞ്ഞത് പിൻവലിച്ചിരിക്കുന്നു. പക്ഷേ ശ്രീ. കെ. സുരേഷ് കുറുപ്പിന് സംസാരിക്കാൻ പറ്റില്ല, പ്രതിപക്ഷ നേതാവ് സംസാരിച്ചു കഴിഞ്ഞു.